കാർമൽ സ്കൂളിന്റെ അംഗീകാരം

1214. [1824] ശ്രീ. എ.കെ. പത്മനാഭൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാർമൽ സ്കൂളിന്റെ അംഗീകാരം റദ്ദാക്കുന്നത് സംബന്ധിച്ച ഗവൺമെന്റിന്റെ തീരുമാനം സ്റ്റേ ചെയ്തുകൊണ്ട് ഹൈക്കോടതി വിധി പ്രസ്താവിച്ചത് എന്നായിരുന്നു ;

(ബി) ഹൈക്കോടതിയുടെ സ്റ്റേ ഒഴിവാക്കുന്നതിന് ഗവൺമെന്റ് എന്തു നടപടിയാണ് കൈക്കൊണ്ടിട്ടുള്ളത് ?

ഉത്തരം

(എ) 12-9-1986-ലാണ് സ്റ്റേ ഉണ്ടായത്.

(ബി) സ്റ്റേ റദ്ദാക്കാനുള്ള നടപടി സ്വീകരിച്ചുവരുന്നു.

വയനാട് ജില്ലയ്ക്ക് അനുവദിച്ച നവോദയ സ്കൂൾ

1215. [1825] ശ്രീ. കെ. രാഘവൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വയനാട് ജില്ലയ്ക്ക് അനുവദിച്ച നവോദയ സ്കൂളിന്റെ പ്രവർത്തനം എവിടെവരെയായി ;

(ബി) ആവശ്യമായ സ്ഥലം കണ്ടെത്തിയോ ;

(സി) അടുത്ത വിദ്യാഭ്യാസ വർഷം തന്നെ ഇതിന്റെ പ്രവർത്തനം ആരംഭിക്കുമോ ;

(ഡി) ഇല്ലെങ്കിൽ എന്നു പ്രവർത്തനം ആരംഭിക്കുവാൻ കഴിയും ?

ഉത്തരം

(എ) വയനാട് ജില്ലയിൽ നവോദയ സ്കൂൾ അനുവദിച്ചിട്ടില്ല.

(ബി) വയനാട് ജില്ലയിൽ മാനന്തവാടി താലൂക്കിൽ നല്ലൂർനാട് വില്ലേജിൽ 20.04 ഏക്കർ സർക്കാർ വക സ്ഥലം സ്കൂൾ ആരംഭിക്കുന്നതിനായി ലഭ്യമാണെന്ന് ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്.

(സി, ഡി) വയനാട് ജില്ലാ കളക്ടർ നിർദ്ദേശിച്ചിരിക്കുന്ന സ്ഥലം പരിശോധിച്ച് റിപ്പോർട്ട് നല്കുന്നതിനായി എൻ. സി. ഇ. ആർ. ടി. യുടെ ഫീൽഡ് അഡ്വൈസറോടാവശ്യപ്പെട്ടിരിക്കയാണ്. റിപ്പോർട്ട് തൃപ്തികരമാണെങ്കിൽ സംസ്ഥാന സർക്കാർ ഇക്കാര്യത്തിൽ കേന്ദ്ര സർക്കാരിനോട് ശുപാർശ ചെയ്യുന്നതാണ്. നവോദയ സ്കൂൾ അനുവദിക്കുന്നത് കേന്ദ്ര സർക്കാർ ആയതിനാൽ എന്നത്തേക്ക് പ്രവർത്തനം ആരംഭിക്കുവാൻ കഴിയുമെന്ന് ഇപ്പോൾ പറയുവാൻ നിർവ്വാഹമില്ല.

കാസർഗോഡ് വിദ്യാഭ്യാസ ജില്ലയിലെ ഉടുമ ഗവൺമെന്റ് ഹൈസ്കൂൾ കെട്ടിടം

1216. [1825] ശ്രീ. കെ. പുരുഷോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് വിദ്യാഭ്യാസ ജില്ലയിലെ ഉടുമ ഗവൺമെന്റ് ഹൈസ്കൂളിന് കെട്ടിടം പണിയണമെന്നാവശ്യപ്പെട്ടുകൊണ്ട് പി. റ്റി. എ. യുടെ നിവേദനം കിട്ടിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഷിഫ്റ്റ് അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന ഈ സ്കൂളിന് കെട്ടിടം പണിയുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly